LIBRARY ARCHIVES Kerala Legislative Assembly

സ്റ്റാഫ് ഫിക്സേഷനുവേണ്ടി വിദ്യാലയങ്ങളിൽ ഏകദിന പരിശോധന നടത്തുന്ന നടപടി

366 [2425] ശ്രീ. എ. സുജനപാൽ:
" കെ. സി. വേണുഗോപാൽ:
" കെ. മോഹൻകുമാർ:
" വർക്കല കഹാർ:
" പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര എയ്ഡഡ് സ്കൂളുകളിൽ അൺഎയിഡഡ് പ്ലസ്ടു കോഴ്സുകൾ അനുവദിച്ചിട്ടുണ്ട് എന്ന് അറിയിക്കാമോ;

(ബി) സ്റ്റാഫ് ഫിക്സേഷനുവേണ്ടി വിദ്യാലയങ്ങളിൽ ഏകദിന പരിശോധന നടത്തുന്ന ദിവസം എയിഡഡ് സ്കൂളുകളിൽ നടത്തുന്ന അൺഎയിഡഡ് പ്ലസ്ടു കോഴ്സിന് അവധി നൽകാറുണ്ടോ; എങ്കിൽ എന്തടിസ്ഥാനത്തിൽ എന്ന് വ്യക്തമാക്കുമോ;

(സി) എയിഡഡ് സ്കൂളുകളിലെ സ്റ്റാഫ് ഫിക്സേഷനുവേണ്ടി ഏകദിന പരിശോധന നടത്തുന്ന ദിവസം അവിടത്തന്നെ നടത്തപ്പെടുന്നതും അവധി ലഭിക്കുന്നതുമായ അൺ എയിഡഡ് പ്ലസ്ടു കോഴ്സിലെ വിദ്യാർത്ഥികളെ 8, 9, 10 സ്റ്റാൻഡേർഡുകളിൽ ഇരുത്തി ആ ക്ലാസ്സുകളിലെ കുട്ടികളുടെ എണ്ണം വർദ്ധിപ്പിച്ചു കാണിക്കാറുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ സാദ്ധ്യത ഒഴിവാക്കുന്നതിനായി അൺഎയിഡഡ് പ്ലസ്ടു കോഴ്സ് അനുവദിച്ചിട്ടുള്ള എയിഡഡ് സ്കൂളുകളിൽ ഏകദിന പരിശോധന നടത്തുന്ന ദിവസം പ്ലസ്ടു കോഴ്സ് നടത്തേണ്ടത് നിർബന്ധിതമാക്കുകയും അത് അൺഎയിഡഡ് പ്ലസ്ടു കോഴ്സിൽ പഠിക്കുന്ന കുട്ടികളുടെ എണ്ണം എടുക്കുകയും ചെയ്യുമോ?

ഉത്തരം

(എ) 2004-2005 അദ്ധ്യയന വർഷം സംസ്ഥാനത്തെ എല്ലാ എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിലും ഓരോ അൺഎയിഡഡ് ബാച്ച് അനുവദിച്ചിട്ടുണ്ട്.

(ബി) സ്റ്റാഫ് ഫിക്സേഷനുവേണ്ടി വിദ്യാലയങ്ങളിൽ ഏകദിന പരിശോധന നടത്തുന്ന ദിവസം എയിഡഡ് സ്കൂളുകളിൽ നടത്തുന്ന അൺഎയിഡഡ് പ്ലസ്ടു കോഴ്സിന് അവധി നൽകാൻ നിർദ്ദേശിച്ചിട്ടില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) നിർദ്ദേശം പരിഗണിക്കാവുന്നതാണ്.